## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *70

14.01.2021-ൽ മറുപടിയ്ക്ക്.

### ക്ഷീരോല്പാദന മേഖലയിലെ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് ആവശ്യമുള്ള പാലിന്റെ തൊണ്ണൂറ്റിയഞ്ച് ശതമാനം സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിൽ ക്ഷീരോല്പാദന മേഖലയെ സ്വയംപര്യാപ്ത-മാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ക്ഷീരോല്പാദന മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>വിവിധ പദ്ധതികളിലായി 24799 പശുക്കളെയും 8422 കിടാരികളെയും അന്യസംസ്ഥാനങ്ങളിൽ നിന്നും ധനസഹായത്തോടെ ക്ഷീരകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 4 കിടാരി പാർക്കുകൾ ക്ഷീരസംഘങ്ങൾ മുഖേന ആരംഭിച്ച് ഗുണമേന്മ ഉള്ള പശുക്കളെ പ്രാദേശികമായി ലഭ്യമാക്കിയിട്ടുണ്ട്.<br>254 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുകയും 249.14 കോടി രൂപ ക്ഷീരവികസന വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പാലിന് പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും നൽകിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെയും മിൽമയുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പാൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധന എന്നിവ സുഗമമായി നിർവ്വഹിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ, കോവിഡ് മഹാമാരി എന്നിവയുടെ പശ്ചാത്തലത്തിൽ സഹകരണ ക്ഷീരമേഖലയിൽ തീറ്റവസ്തുക്കളും പാലിന്റെ സംഭരണവും തടസ്സം കൂടാതെ നിർവ്വഹിക്കുവാൻ സാധിച്ചിട്ടുണ്ട്.<br>കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരോൽപാദന മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) രണ്ടു ലക്ഷത്തോളം വരുന്ന ക്ഷീരകർഷക കുടുംബങ്ങൾക്ക് ആശ്വാസമേകാനായി കാലിത്തീറ്റക്ക് സബ്സിഡി നൽകുന്നുണ്ടോ; | (ബി) ഉണ്ട്. സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം കാലിത്തീറ്റയ്ക്ക് സബ്സിഡിയായി 249.14 കോടി രൂപ ക്ഷീരവികസന വകുപ്പ് നൽകിയിട്ടുണ്ട്. അതോടൊപ്പം കോവിഡ് ലോക്ഡൗൺ കാലഘട്ടത്തിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡിയും വകുപ്പ് നൽകിയിട്ടുണ്ട്.<br>രണ്ട് ലക്ഷത്തോളം വരുന്ന ക്ഷീരകർഷക കുടുംബങ്ങൾക്ക് ആശ്വാസമേകാനായി മിൽമയും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. |

(സി) മൃഗസംരക്ഷണമേഖലയ്ക്ക് കരുത്തേകാനായി നൂറുദിന പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

(സി) നൂറ് ദിന പദ്ധതിയുടെ ഒന്നാം ഘട്ട ഭാഗമായി ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടത്തുന്നത് മൂന്ന് പദ്ധതികളാണ്.

1) എലിവേറ്റഡ് ആന്റ് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് പദ്ധതി
2) 25 പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി
3) നവീകരിച്ച സ്റ്റേറ്റ് ഡെയറി ലാബ് കെട്ടിടം

നൂറ് ദിന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഏഴ് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സ്റ്റേറ്റ് ഫോഡർ ഡേ ദിനാചരണം
2. ക്ഷീരസംഘങ്ങൾക്കുള്ള യൂണിഫൈഡ് സോഫ്റ്റ് വെയർ
3. എലിവേറ്റഡ് ആന്റ് കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് പദ്ധതി
4. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, മുണ്ടപ്പള്ളി ക്ഷീരസംഘം, അടൂർ
5. സോളാർ യൂണിറ്റ്, നെല്ലാട് ക്ഷീരസംഘം, പട്ടിമറ്റം
6. സോളാർ യൂണിറ്റ്, പാണഞ്ചേരി ക്ഷീരസംഘം ഒല്ലൂക്കര
7. അട്ടപ്പാടി ബ്ലോക്കിലെ ഷോളയാർ, താവളം, അഗളി ക്ഷീരസംഘങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ.

മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന സർക്കാരിന്റെ നൂറുദിന പദ്ധതി പ്രകാരം നടപ്പിലാക്കുന്നവയിൽ കർഷകരുടെ ആടുകളുടെ എണ്ണം കൂട്ടുവാനും അവയെ ലാഭകരമായി വളർത്തിക്കൊണ്ടുവരുവാനും . സഹായങ്ങൾ നൽകി വരുന്നു. സംസ്ഥാനത്ത്, ആടുകൾക്ക് കൃത്രിമബീജധാനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത് 785 കേന്ദ്രങ്ങളിൽ മാത്രമാണ്. ഈ സൗകര്യങ്ങൾ 500 കേന്ദ്രങ്ങളിൽ കൂടി സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ വിവിധ ഉല്പന്നങ്ങൾ സംസ്ഥാനത്ത് ഒട്ടാകെ ലഭ്യമാക്കുന്നതിന് വിവിധ ജില്ലകളിൽ കെപ്കോ വിപണന ഏജൻസികൾ തുടങ്ങാൻ തീരുമാനിക്കുകയും പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 72 ഉം കൊല്ലം ജില്ലയിൽ 41 ഉം പത്തനംതിട്ടയിൽ 11 ഉം ഏജൻസികൾ പ്രവർത്തിക്കുന്നു. ആലപ്പുഴ ജില്ലയിൽ ഏജൻസികൾ തുടങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ